"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ആലുവ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതർക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.62/2023/CAD    തീയതി,തിരുവനന്തപുരം, 14-10-2023

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 28-09-2019 ലെ ഇ 9(എസ്സ്.സി 20/19/സി.ആർ.ഇ) 25512/19 നമ്പർ കത്ത്.
2. 18-10-2021, 21-10-2021 തീയതികളിലെ സിഎ4/182/2019/സിഎഡി നമ്പർ കുറ്റപത്രങ്ങൾ.
3. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ശ്രീ.വേണു.കെ.ബി യുടെ 21-12-2021 ലെ പ്രതിവാദ പത്രിക.
4. ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ശ്രീ.സതീഷ് കുമാർ ടി എസ്സ് ന്റെ 08-12-2021 ലെ പ്രതിവാദ പത്രിക.
5. മധ്യമേഖലാ ജോയിന്റ് കൺട്രോളറുടെ 19-04-2023 ലെ എൽഎംഡി-ജെസി-ഇ കെ എം/92/2023-എ 1 നമ്പർ കത്ത്
6. ലീഗൽ മെട്രോളജി കൺട്രോളറുടെ 25-07-2023 ലെ എൽഎംഡി-എച്ച് ക്യൂ/3902/2021-ബി 6 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ 10-07-2019 ൽ ആലുവ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടും, ഉത്തരവാദികളായ ജീവനക്കാരുടെ വിശദാംശങ്ങളും പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ഇൻസ്പെക്ടർ ശ്രീ. വേണു.കെ.ബി, ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ശ്രീ. സതീഷ് കുമാർ. ടി.എസ് എന്നിവർക്കെതിരെ ലഘു ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും, പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

2) കുറ്റപത്രത്തിന്മേൽ ഇൻസ്പെക്ടർ ശ്രീ. വേണു.കെ.ബി സമർപ്പിച്ച പ്രതിവാദത്തിൽ, 09.07.2019-ൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ അതീവ ഗൗരവമുള്ള ഒരു കേസ് എടുത്തിരുന്നതായും, വിജിലൻസ് മിന്നൽ പരിശോധന നടത്തിയ 10.07.2019ൽ മേൽ കേസിന്റെ തുടർ ചർച്ചയ്ക്ക് വേണ്ടി എറണാകുളം ജില്ലാ ഓഫീസിൽ നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് എത്തിയതായിരുന്നെന്നും ടി ചർച്ചകൾക്ക് ശേഷം ജില്ലാ ഓഫീസിലെ

ചില ജോലികൾകൂടി ഡെപ്യൂട്ടി കൺട്രോളർ ഏല്പിച്ചിരുന്നതിനാലാണ് അന്നേ ദിവസം ആലുവ ഓഫീസിലേക്ക് പോകുവാൻ സാധികാത്തിരുന്നതെന്നും, ഇക്കാര്യം ഡിപ്പാർട്ട്മെന്റ് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചാൽ മനസ്സിലാകുമെന്നും ടിയാൻ ബോധിപ്പിച്ചിരുന്നു. 04.07.2019, 05.07.2019, 06.07.2019, 09.07.2019 എന്നീ ദിവസങ്ങളിൽ ഭാര്യാമാതാവിന് അസുഖം ബാധിച്ചതുകാരണം ആശുപത്രിയിൽ ആയിരുന്നുവെന്നും എന്നാൽ 09.07.2019 ൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ എൻടി ഫീയുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണത്തിന് ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലയിലെ മറ്റ താലൂക്ക് ഓഫീസർമാരോടൊപ്പം ടിയാനെയും ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നുവെന്നും കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാം രഹസ്യ സ്വഭാവമുള്ളതിനാൽ താൻ ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധനയിലാണെന്ന വിവരം ആലുവ ഇൻസ്പെക്ടറാഫീസിലെ മറ്റ ജീവനക്കാർക്ക് അറിവില്ലായിരുന്നുവെന്നും ഓഫീസ് മേലധികാരിയായ താൻ എടുത്ത "കാഷ്വൽ ലീവ് രേഖപ്പെടുത്തണമെങ്കിൽ ജില്ലാ ഓഫീസിൽ നിന്നും ആയത് അംഗീകരിച്ചുവരണമെന്നും ആയതിനാലാണ് രേഖപ്പെടുത്തൽ വരുത്താതിരുന്നതെന്നും ഇൻസ്പെക്ടർ ശ്രീ. വേണു.കെ.ബി വിശദീകരിച്ചിരിന്നു. കൂടാതെ ഓഫീസിന് പുറത്ത് ഡിപ്പാർട്ട്മെൻറ് വാഹനത്തിൽ ചില സ്പെഷ്യൽ ജോലിക്ക് പോകുമ്പോൾ മൂവ്മെന്റ് രജിസ്റ്ററിൽ എഴുതിയാൽ അതിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടും എന്ന കാരണത്താലാണ് രേഖപ്പെടുത്തൽ വരുത്താതിരുന്നതെന്നും മുദ്രവെയ്ക്കാൻ എത്തുന്നവരെ അയഥാർത്ഥമായ കാരണം പറഞ്ഞ് തിരികെ അയക്കുന്ന പ്രവണത ഇന്നേവരെ ടിയാന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും, ഡീഫാൾക്കേഴ്സ് രജിസ്റ്റർ പ്രകാരം കടിശ്ശികക്കാരുടെ മുദ്രവയ്ക്കാത്ത ഉപകരണങ്ങൾ പരിശോധിച്ച് പിഴ ഈടാക്കുന്ന നടപടികൾ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ വിജിലൻസ് ചൂണ്ടിക്കാട്ടിയിട്ടുള്ള പോരായ്മകൾ തികഞ്ഞ ഗൗരവത്തോടെ കാണുന്നുവെന്നും ടിയാന്റെ ഭാഗത്തുനിന്നും മന:പൂർവ്വം വീഴ്ചകൾ ഉണ്ടായിട്ടില്ലായെന്നും ആയതിനാൽ തന്റെ പേരിൽ യാതൊരു ശിക്ഷണ നടപടികളും എടുക്കരുതെന്നും ഇൻസ്പെക്ടർ ശ്രീ. വേണു കെ.ബി അഭ്യർത്ഥിച്ചിട്ടുണ്ട്.

3) കുറ്റപത്രത്തിന്മേൽ ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് ശ്രീ. സതീഷ് കുമാറിന് നൽകിയ പ്രതിവാദപത്രികയിൽ താമസസ്ഥലമായ കോതമംഗലത്തുനിന്നും ഓഫീസിൽ പത്തുമണിക്ക് അല്പം മുമ്പ് വന്നെങ്കിലും ഹാജർ പുസ്തകത്തിൽ ഹാജർ മാർക്ക് ചെയ്യാതിരുന്നത് തനിക്ക് ലീവ് എടുത്ത് കാക്കനാട് പോകുന്നതിനുള്ള ഉദ്ദേശം ഉള്ളതുകൊണ്ടായിരുന്നുവെന്നും അതിനുമുമ്പ് ട്രഷറിയിലേക്ക് പണം അടയ്ക്കുക എന്ന പ്രക്രിയ ഉള്ളതുകൊണ്ടാണ് ഓഫീസിൽ പണം അടയ്ക്കുവാനുള്ള ജോലി ചെയ്തെന്നും 10-07-2019-ൽ ലീവ് എടുക്കുന്നതിനുള്ള ഉദ്ദേശം ഉണ്ടായിരുന്നതു കൊണ്ടാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ സ്വന്തം കയ്യിലുള്ള രൂപയുടെ വിവരം എഴുതാതിരുന്നതെന്നും അല്ലാതെ യാതൊരുവിധ ദുഷ്ചിന്തയും ടിയാന് ഉണ്ടായിരുന്നില്ലയെന്നും അതിനാൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

4) എന്നാൽ കുറ്റപത്രത്തിലെ ആരോപണങ്ങളിന്മേൽ ടിയാന്മാർ (3), (4) പരാമർശങ്ങൾ പ്രകാരം നൽകിയ പ്രതിവാദങ്ങൾ പൂർണ്ണമായി അംഗീകരിക്കാൻ സാധിക്കാത്തതിനാൽ അതിന്റെ യഥാർത്ഥ വസ്തുത മനസിലാക്കുന്നതിനുവേണ്ടി കൺട്രോളർ ടി വിഷയത്തിന്മേൽ അന്വേഷണം നടത്താൻ മധ്യമേഖലാ ജോയിന്റ് കൺട്രോളറെ ചുമതലപ്പെടുത്തുകയും, ടി പ്രതിവാദങ്ങളിന്മേലുള്ള മധ്യമേഖലാ ജോയിന്റ് കൺട്രോളറുടെ പരാമർശം (5) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്, പരാമർശം (6) പ്രകാരം കൺട്രോളർ

സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

5) ലീഗൽ മെട്രോളജി മധ്യമേഖലാ ജോയിന്റ് കൺട്രോളർ പരാമർശം (5) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, 09-07-2019 ന് ഇൻസ്പെക്ടർ ശ്രീ.വേണു കെ.ബി. എറണാകുളം ഡെപ്യൂട്ടി കൺട്രോളറുടെ നിർദ്ദേശാനുസരണം ആലുവ, അങ്കമാലി, പെരുമ്പാവൂർ എന്നീ സ്ഥലങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് കംബൈൻഡ് ഇൻസ്പെക്ഷനിൽ പങ്കെടുത്തതായി ഡിപ്പാർട്ട്മെന്റ് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിൽ നിന്നും അന്നേ ദിവസം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ അതീവ ഗൗരവമുള്ള ഒരു കേസ് എടുത്തിരുന്നെന്ന ടിയാന്റെ വാദഗതി ശരിയാണെന്നും, വിജിലൻസ് മിന്നൽ പരിശോധന നടന്ന 10-07-2019 ൽ എറണാകുളം ഡെപ്യൂട്ടി കൺട്രോളുടെ നിർദ്ദേശാനുസരണം ടിയാൻ കാക്കനാടുള്ള ജില്ലാ ഓഫീസിൽ ഡ്യൂട്ടിയിൽ ആയിരുന്നു എന്ന പ്രതിവാദ പത്രികയിലെ വാദഗതി ശരിയാണെന്നും പരാമർശിച്ചിട്ടുണ്ട്. ആകസ്മികമാവധി അപേക്ഷകൾ സംബന്ധിച്ച വിവരം നേരിലോ ടെലഫോൺ മുഖേനയോ ഡെപ്യൂട്ടി കൺട്രോളറെ അറിയിച്ചതിന് ശേഷം ആയത് രേഖാമൂലം സമർപ്പിക്കുകയും ഹാജർ പുസ്തകം. ലീവ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തുകയും ചെയ്യുക എന്ന ഉചിതമായ രീതി ടിയാൻ പാലിച്ചിട്ടില്ലായെന്നും, 09-07-2019, 10-07-2019 തീയതികളിൽ ടിയാൻ എറണാകുളം ഡെപ്യൂട്ടി കൺട്രോളറുടെ നിർദ്ദേശാനുസരണം എറണാകുളം ജില്ലയിൽ ഇൻസ്പെക്ഷൻ ജോലികളിലായിരുന്നതിനാലാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതെങ്കിലും പ്രതിവാദ പത്രികയിൽ പരാമർശിക്കുന്ന രഹസ്യ സ്വഭാവം നിലനിർത്തികൊണ്ടു തന്നെ മൂവ്മെന്റ് രജിസ്റ്ററിൽ "ഇൻസ്പെക്ഷൻ' എന്ന രേഖപ്പെടുത്തൽ വരുത്തേണ്ടതായിരുന്നുവെന്നും പരാമർശിച്ചിരുന്നു. 'പരിശോധനാ ദിവസം ഓഫീസിൽ ഇൻസ്പെക്ടർ ഹാജർ ഇല്ലാത്തതിനാൽ മുദ്ര വയ്പ്പിക്കുവാൻ വരുന്നവരെ മടക്കി അയക്കുന്നു' എന്ന ആരോപണത്തിൻമേൽ, ത്രാസുകൾ മുദ്രവെയ്ക്കുന്നതിനും മറ്റ് അന്വേഷണങ്ങൾക്കുമായി ഓഫീസിൽ വരുന്ന പൊതുജനങ്ങളെ വിവരങ്ങൾ കൃത്യമായി അറിയിക്കുന്നതിനായി 09-07-2019, 10-07-2019 ദിവസങ്ങളിൽ ഓഫീസ് അറ്റൻഡന്റ് ശ്രീ. ശ്യാംകുമാർ.ജി.യെ ഇൻസ്പെക്ടർ ചുമതലപ്പെടുത്തിയിരുന്നതായി ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. 'ഡിഫോൾട്ടേഴ്സ് രജിസ്റ്റർ പ്രകാരം കുടിശ്ശികക്കാരുടെമേൽ പരിശോധനകൾ നടത്തി സ്റ്റാംപിങ്ങ് മുടങ്ങിയ ഉപകരണങ്ങൾ പരിശോധിച്ച് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല' എന്ന കുറ്റാരോപണത്തിൻമേൽ വ്യക്തതയില്ലാത്ത മറുപടിയാണ് ഇൻസ്പെക്ടർ നൽകിയിരിക്കുന്നതെങ്കിലും വിജിലൻസ് പരിശോധനാ കാലയളവായ C/2018, D/2018, A/2019, B/2019 എന്നീ ക്വാർട്ടറുകളിലെ ആലുവ ഇൻസ്പെക്ടർ ആഫീസിലെ കുടിശ്ശിക രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ കുടിശ്ശികക്കാർക്കെതിരെയും നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിലവിൽ ടി കാലയളവിൽ കുടിശ്ശിക രജിസ്റ്റർ പ്രകാരം കുടിശ്ശികക്കാർ അവശേഷിക്കുന്നില്ലെന്നും ആകയാൽ ടി ആരോപണം പ്രസക്തമല്ലയെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

6) ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ശ്രീ. സതീഷ്കുമാർ ടി.എസ്-നെതിരായ കുറ്റാരോപണം, പ്രതിവാദം എന്നിവ പരിശോധിച്ചതിൽ 'പെട്ടെന്നുണ്ടായ തോന്നലിലാണ് ആകസ്മികാവധി എടുത്താലോ എന്ന് ചിന്തിച്ചതായി' രേഖപ്പെടുത്തിയിരിന്നതെന്നും, ആകസ്മികമായി ഉണ്ടാകുന്ന അത്യാവശ്യങ്ങൾക്കായി എടുക്കാവുന്നതും കഴിയുന്നിടത്തോളം മേലധികാരിയുടെ മുൻകൂർ

അനുമതിയോടെയും എടുക്കാവുന്ന അവധിയെ ഇത്രയും ലാഘവത്തോടുകൂടി സമീപിച്ചത് ശരിയായ ഒരു സമീപനമല്ലായെന്നും 'ഓഫീസിൽ 10 മണിക്ക് അൽപം മുൻപ് ഹാജരാവുകയും ട്രഷറിയിൽ അടയ്ക്കേണ്ട സർക്കാർ പണം എണ്ണി തിട്ടപ്പെടുത്തി ചെലാൻ എഴുതി ട്രഷറിയിൽ അടയ്ക്കുന്നതിനായി ഓഫീസ് അറ്റൻഡന്റിന് കൈമാറി" എന്ന് പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ പണം എണ്ണി തിട്ടപ്പെടുത്തുന്നതിന് മുൻപായി എങ്കിലും പ്രൈവറ്റ് ക്യാഷ്, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോപണ വിധേയർ സമർപ്പിച്ച പ്രതിവാദപത്രികകളിൽ പരാമർശിച്ചിരിക്കുന്ന വാദങ്ങൾ കണക്കിലെടുത്തും, വകുപ്പുതല അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേലുള്ള ലീഗൽ മെട്രോളജി കൺട്രോളറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, ആലുവ ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസിലെ ഇൻസ്പെക്ടർ ശ്രീ. വേണു.കെ.ബി, ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ശ്രീ. സതീഷ് കുമാർ.ടി.എസ് എന്നിവർക്കെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, കേരള സിവിൽ സർവീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 ലെ ചട്ടം 11(1)(i) പരാമർശിക്കുന്ന ലഘു ശിക്ഷയായ "Censure" (ശാസന) നൽകി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർ (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
ഡയറക്ടർ. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (VIG F1/312/2023 തീയതി 12-09-2023 പ്രകാരം)
നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സിഎ4/182/2019/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ